**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2099** **20-01-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് രോഗികൾക്ക് ആർ.റ്റി.പി.സി.ആർ. പരിശോധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ആന്റിജൻ പരിശോധനയിൽ കോവിഡ് നെഗറ്റീവ് ആകുന്നവർക്ക് രോഗലക്ഷണങ്ങൾ ഉണ്ടെങ്കിൽ നിർബന്ധമായും ആർ.റ്റി.പി.സി.ആർ. പരിശോധന നടത്തണമെന്ന് കേന്ദ്രം നിർദ്ദേശിച്ചിരുന്നോ; | (എ) | നിർദ്ദേശിച്ചിരുന്നു. |
| (ബി) | സംസ്ഥാനത്ത് ഈ നിർദ്ദേശം പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (ബി) | നടപ്പിലാക്കിയിട്ടുണ്ട്. ആന്റിജൻ പരിശോധനയിൽ കോവിഡ് നെഗറ്റീവ് ആയിട്ടുള്ളതും എന്നാൽ രോഗലക്ഷണങ്ങൾ ഉള്ളതുമായ മിക്കവാറും എല്ലാവരേയും RTPCR ടെസ്റ്റ് ചെയ്യുന്നുണ്ട്. |
| (സി) | ആർ.റ്റി.പി.സി.ആർ. പരിശോധനയ്ക്ക് ജില്ല, സംസ്ഥാന തലങ്ങളിൽ പ്രത്യേക നിരീക്ഷണ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | നിരീക്ഷണ സംഘങ്ങളെ നിയോഗിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ ലാബുകൾ പരിശോധിക്കുന്നതിന് ഒരു ഡോക്ടർ, ജില്ലാ ലാബ് ടെക്നീഷ്യൻ, ഒരു ക്ലാർക്ക് അടങ്ങുന്ന ടീം പ്രൈവറ്റ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ലാബുകൾ സന്ദർശിച്ച് പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തിരം സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ